

Digital
Magazine
2019-2020
ILLUSION
MAR STEPHEN H.S VALAKOM
Kerala Infrastructure and
Technology for Education
Presents
little
KITEs



H G MARKOSE MOR CHRYSOSTAMOSE
METROPOLITA PRESIDENT E.A.E



REV.Fr.VARGHESE KUTTIPPUZHAYIL

(CORPORATE MANAGER)

## ആശംസകൾ



വിവരവിനിമയ സാങ്കേതികവിദ്യയിൽ വൈവിധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തുന്നതിനായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ രൂപീകരിക്കപ്പെട്ട ' ലിറ്റിൽ കൈറ്റ്സ് ' എന്ന കുട്ടികളുടെ ഐ . ടി. കൂട്ടായ്മ 2018 മുതൽ പ്രവർത്തിച്ചുവരുന്നു . പ്രസ്തുത കൂട്ടായ്മയുടെ ഒരു യൂണിറ്റ് വാളകം മാർ സ്റ്റീഫൻ സ്കൂളിലും പ്രവർത്തിക്കുന്നു .

' ലിറ്റിൽ കൈറ്റ്സ് ' യുണിറ്റിന്റെ ഒരു പ്രധാന പ്രവർത്തനമായ 2019-20 വർഷത്തെ സ്കൂൾ മാഗസിൻ പൂർത്തീകരിച്ചിരിക്കുന്നു . കുട്ടികളുടെ സർഗാത്മക രചനകൾ പ്രസിദ്ധീകരിക്കാൻ ' ലിറ്റിൽ കൈറ്റ്സ് ' അംഗങ്ങളുടെ സാങ്കേതിക മികവ് പ്രയോജനപ്പെടുത്താൻ കഴിഞ്ഞതിൽ ഏറെ അഭിമാനിക്കുന്നു

ഇ – മാഗസിൻ പ്രവർത്തനങ്ങൾ വരും വർഷങ്ങളിലും കാര്യക്ഷമതയോടെ നൂതന സാങ്കേതിക വിദ്യാ ലോകത്ത് മികവാർന്ന പ്രവർത്തനങ്ങളിലൂടെ തങ്ങളുടെ സ്ഥാനമുറപ്പിക്കാനും ലക്ഷ്യം പൂർത്തീകരിക്കാനും യൂണിറ്റ് അംഗങ്ങൾക്ക് സാധിക്കട്ടെ എന്നും ആശിക്കുന്നു .

**REJI P PAULOSE**

**HEADMASTER**

# ആശംസകൾ



അനസ്യൂതം മുന്നോട്ട് നീങ്ങുന്ന ജീവിതയാത്രയിൽ ഏറെ അഭിമാനത്തോടും ആത്മവിശ്വാസത്തോടും പുതുയുഗപ്രതിഭകളായ നമ്മുടെ ഇളം തലമുറ അവരുടെ ആശകളും ആശങ്കകളും ചിന്തകളും പ്രതീക്ഷകളും സ്വപ്നങ്ങളും ഉൾവിളികളും അവരുടേതായ തനതു ശൈലിയിൽ ഈ മാഗസിൻ താളുകളിലൂടെ പ്രിയ വായനക്കാർക്കായി സമർപ്പിക്കുന്നു.പുതിയതലമുറയുടെ പുതിയ ആശയങ്ങൾക്കുള്ള പൂർത്തീകരണമാണ് ലിറ്റിൽകൈറ്റ്സ് ഐ ടി ക്ലബ്ബ് .ഇത് ആരംഭിക്കുമ്പോൾ വളരെ ഉത്സാഹത്തോടെ കുട്ടികൾ ഇതിൽ ചേരുകയും പ്രവർത്തനങ്ങളിൽ പങ്കടുക്കുകയും ചെയ്തു . ഇതിൽ പ്രവർത്തിച്ച എല്ലാ അംഗങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. ഒപ്പം നടക്കുകയും സഹകരിക്കുകയും ചെയ്ത സ്റ്റാഫ് അംഗങ്ങളെയും ഓർക്കുന്നു. ഡിജിറ്റൽ മാഗസിന് എല്ലാവിധ സഹകരണങ്ങളും നല്കിയ കുട്ടിപ്പട്ടങ്ങൾക്ക് ആശംസകൾനേരുന്നു

ബൈജു എം വർഗീസ്<br>
<u>കൈറ്റ് മാസ്റ്റർ</u>

## ആശംസകൾ



ഹൈടെക് പദ്ധതിയുടെ ഭാഗമായി രൂപപ്പെട്ട ' ലിറ്റിൽ കൈറ്റ്സ് ' എന്ന ഐ . ടി കൂട്ടായ്മ ഒരു വർഷത്തെ പരിശീലനത്തിലൂടെ നേടിയ വിവരവിനിമയ സാങ്കേതിക വിദ്യയിലെ വൈദഗ്ധ്യം ഒരു ഡിജിറ്റൽ മാഗസിനിലൂടെ പ്രകടമാക്കാൻ ശ്രമിക്കുന്നു . സമയപരിമിതികളെ മറികടന്നുകൊണ്ട് കഠിനപ്രയത്നത്തിലൂടെ കുട്ടികൾ തങ്ങളുടെ ലക്ഷ്യത്തിലെത്തിയിരിക്കുന്നു .

കുട്ടികളുടെയും അധ്യാപകരുടെയും സർഗാത്മക രചനകൾ ശേഖരിക്കുകയും വേണ്ട തിരുത്തലുകളും ക്രമീകരണങ്ങളും വരുത്തി മികച്ച ഒരു ഇ – മാഗസിൻ പുറത്തിറക്കാൻ ശ്രമിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും അഭിനന്ദിക്കുന്നു . ആത്മവിശ്വാസത്തോടെ വരും വർഷങ്ങളിലും കൂടുതൽ മനോഹരവും വൈവിധ്യമാർന്നതുമായ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾക്കു കഴിയട്ടെ എന്ന് ആശംസിക്കുന്നു .

മേരി. പി.അൽഫോൻസ്
_കൈറ്റ്സ് മിസ്ട്രസ്

ഉള്ളടക്കം

കഥകളി..........................................9
ഒരു യാത്രാമൊഴി................................10
ഗണിത ക്വിസ്....................................11
MY FRIENDS......................................11
മഹാത്മാഗാന്ധി..................................12
കേരളം..........................................13
THE BLACK DOT...................................14
ബാല്യകാലം.....................................14
MY DREAMS.......................................15
ഒരു ചോദ്യം , ഒരൊറ്റചോദ്യം................15
...................................................16
കുമാരനാശാൻ..................................16
R.K.NARAYAN.....................................17
A PRAYER IN SPRING..............................17
WILLIAM SHAKESPEARE.............................18
RAVINDRANATHA TAGORE............................19
ക്വിസ്...........................................20
നീ..............................................20
The Snow Maiden.................................21
മഴ..............................................23
എന്റെ അച്ഛൻ...................................23
കൂട്ടുകാരൻ.....................................24
ENVIRONMENT.....................................25
എന്റെ കേരളം...................................25

Mother Theresa........................................26
പൂമരം...................................................27
മുതിർന്നവരുടെ മാതൃക.............................29
.............................................................29
GREAT THOUGHTS...............................29
OUR ENVIRONMENT............................30
RAINBOW...........................................30
കൂട് ഞങ്ങൾക്ക് വീട്...............................31
വാഴക്കുല..............................................32
പുലികളി...............................................32
പുസ്തകത്താളുകൾ....................................33
ഉള്ളതു കളഞ്ഞാൽ......................................34
ശിശുദിനം..............................................35
ആരെൻ പുത്രിക്ക് തുണയായി.................36
ചങ്ങമ്പുഴ കൃഷ്ണപിള്ള..............................36
ഒരു ഗണിതക്കഥ.....................................37
എഴുത്തച്ഛൻ.............................................38
എന്നെ സ്വാധീനിച്ച വ്യക്തി....................39
മഹത് വചനങ്ങൾ.....................................40
പഴഞ്ചൊല്ലുകൾ......................................40
ഇടി കാണാം നക്ഷത്രങ്ങളുടെ..................41
പൂവിൻെറ കല്യാണം................................41
ഓണാഘോഷം..........................................43
ക്രിസ്തുമസ് ആഘോഷം...........................43

ആനുവേഴ്സറി.......................................44
സ്പോർട്ട്സ്.......................................45
ജിയോ ജിബ്ര.......................................49
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.....................50
നന്ദി.......................................................52

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : REJI P PAULOSE (HEADMASTER)

സ്റ്റാഫ് എഡിറ്റർ : BAIJU M VARGHESE

സ്റ്റുഡന്റ് എഡിറ്റർ : HARISANKAR K J

കവർ : AKHILESH RAJEEVAN

ടൈപ്പിംഗ് : KASINADHAN N M,ASWIN V A SOORYA R

ഡിസൈൻ / എഡിറ്റിംഗ് :MARY P ALPHONS

# കഥകളി



*ലോകമെങ്ങും പ്രചാരം നേടിയ കേരളീയ* കലയാണ് കഥകളി കഥകളിയുടെ തുടക്കത്തിനു പിന്നിൽ ഒരുകഥയുണ്ട്.

വടക്കൻ കേരളത്തിൽ പ്രചാരത്തിലിരുന്ന കൃഷ്ണനാട്ടം എന്ന കലാരൂപം കൊട്ടാരക്കര തമ്പുരാന് കാണുന്നതിന് ഒരു സംഘത്തെ അങ്ങോട്ടേയ്ക്ക് അയയ്ക്കണമെന്നാവശ്യപ്പെട്ട് ഒരു ദൂതനെ തമ്പുരാൻ കോഴിക്കോട്ടുസാമൂതിരിയുടെ അടുത്തേക്ക് അയച്ചു. ഈ കലാരൂപം ആസ്വദിതക്കാനുള്ള കഴിവ് തമ്പുരാനില്ലെന്ന് പറഞ്ഞ് കൊട്ടാരക്കര തമ്പുരാന് കോഴിക്കോട്ടുസാമൂതിരി ആക്ഷേപിച്ചു ഇതിൽ ദേഷ്യം തോന്നിയ തമ്പുരാൻ രാമനാട്ടം എന്ന കലാരൂപം നിർമ്മിച്ചു . ഈ കലാരൂപമാണ് പിൻകാലത്ത് കഥകളിയായി മാറിയത് . ഇരുപത്തിനാല് ആംഗ്യ മുദ്രകളാണ് കഥകളയിലുള്ളത് . കളിവിളക്കിൻെറ പ്രകാശത്തിൽ പച്ച , കത്തി , കരി , താടി , മിനുക്ക് എന്നീ വേഷങ്ങൾ പാട്ടിന് അനുസരിച്ച് അഭിനയിച്ച് കാണിക്കുന്നു . ചെണ്ട , മദ്ദളം , ചേങ്ങില എന്നിവയാണ് വാദ്യോപകരണങ്ങൾ . എല്ലാ കലകൾക്കും തുല്യ പ്രാധാന്യം ഉള്ള കലയാണ് കഥകളി .

# ഒരു യാത്രാമൊഴി



ഒരു നാൾ ജനിക്കും
അന്ന് സന്തോഷത്തിന്റെ നാൾ
ബാല്യത്തിൽ കുസൃതിയുമായ്
മന്നിൽ കാറ്റ് വീശും നേരം
സ്നേഹത്തിന്റെ പാത്രവുമായി
ഞാൻ എൻ മുറ്റത്ത് നിന്നു.
ഒരു നാൾ മരണമുറപ്പ്
അന്ന് ദുഖത്തിന്റെ നാളുകൾ...
മണ്ണും വിണ്ണും വിട്ട് ഞാൻ പോകുന്ന നേരം,
ഒന്നും ഞാൻ കൊണ്ടുപോകുന്നില്ലെങ്കിലും
ദൂരെ നിത്യമാം സ്വർഗ്ഗപൂങ്കാവനത്തിലെത്തിടും സുനിശ്ചിതം!

*ASWIN V A*

# ഗണിത ക്വിസ്

1) രണ്ടു സംഖ്യയുടെ തുക 10 ഉം അവ തമ്മിലുള്ള വ്യത്യാസം 4 ഉം ആയാൽ സംഖ്യകൾ ഏവ?

- A+B=10.....(1)

a-b=4....(2)

2a+0 14 (1)-(2)

2a=14

a=14/2=7

2) ഡയമഡ് ജൂബിലി എത്ര വർഷത്തിലാണ്?

- 60 വർത്തിലൊരിക്കൽ

3) ശാസ്ത്രങ്ങളുടെ ശാസ്ത്ര എന്നറിയപ്പെടുന്ന ശാസ്ത്ര ശാഖ ഏത്?

- ഗണിത ക്വിസ്സ്

4) 1 നും 100 നും ഇടയ്ക്ക് എത്ര 5 ഉണ്ട്?

- 50

5)അക്ഷരങ്ങളുപയോഗിച്ച്അക്കങ്ങൾഎഴുതുന്ന രീതി ഏത് പേരിൽ അറിയപ്പെടുന്നു ?


- കടപയാദി

# MY FRIENDS

*Friends are gift of god*
*they are precious*
*friends are like flowers*
*which blew for others*
*and spread fragrance*
*friends are like stars*
*they are twinkling in my thoughts*
*friends are like rivers*
*they joined with sea together*
*a friends is the one who help you....*
*and not one who cheats you....*
*friends together forms a friendship*
*which will never sinks a friend is a symbol of care and share*

*(SARA BINU10B)*

# മഹാത്മാഗാന്ധി



ഇന്ത്യയെ ബ്രിട്ടീഷ് ഭരണത്തിൽ നിന്നും മോചിപ്പിക്കാനുള്ള സമരത്തിനു നേതൃത്വം നൽകി. ഇന്ത്യയുടെ രാഷ്ട്രപിതാവായിതീരുകയും ഒരു യുഗസ്രഷ്ടാവായി മാറുകയും ചെയ്ത മോഹൻദാസ് കരംചന്ദ് ഗാന്ധി,നൂറ്റാണ്ടിനെ മാറ്റിമറിച്ച ഇന്ത്യ കാരിൽ പ്രഥമഗണനീയനാണ്. ഒരു നൂറ്റാണ്ടിനെയല്ല ഒരു യുഗത്തെയാണ് അദ്ദേഹം രൂപപ്പെടുത്തിയത് എന്നു പറഞ്ഞാലും അതിശോക്തിയില്ല. ഇന്നത്തെ ഗുജറാത്തിലെ  പോർബന്ദറിലെ ഒരു ബനിയ കുടുംബത്തിൽ 1869 ഒക്ടോബർ 2 ന് ഗാന്ദിജി ജനിച്ചു. അച്ഛനും അച്ഛൻെറ അച്ഛനും പോർബന്ദർ നാട്ടുരാജ്യത്തെ ദിവാൻമാരായിരുന്നു. പതിനാലാം വയസ്സിൽ കസ്തൂർബായെ വിവാഹം ചെയതു .

1901 ൽ ഇന്ത്യയിലെത്തിയ ഗാന്ധിജി കൽക്കത്ത കോൺഗ്രസ്സിൽ വാളണ്ടിയറായി  പങ്കെടുത്തു . 1906 ൽ ബ്രഹ്മചര്യം സ്വീകരിച്ച അദ്ധേഹം 1910 ൽ ടോൾസ്ടോയ്ഫാം സ്ഥാപിച്ചു . ഒന്നാം ലോകമഹയുദ്ധകാലത്ത് അദ്ദേഹം ബ്രിട്ടനെ സഹായിച്ചു.സേവനം നടത്തി. 1915 ൽ ഗാന്ധിജി ഇന്ത്യയിൽ തിരിച്ചെത്തി ലളിതജീവിതം ആരംഭിച്ചു.1918 ൽ ഗൗലത്ത് നിയമത്തിനെതിരെ ദേശവ്യാപകമായ സമരങ്ങൾ സംഘടിപിച്ചു. നിസ്സഹകരണ പ്രസ്ഥാനത്തെ തുടർന്ന് വിദേശവസ്ത്രദഹനം നടന്നു. ഖാദിയും ഹിന്ദിയും പ്രചരിപിക്കാൻ തുടങ്ങി.

1922 ഗന്ധിജിയെ വിചാരണചെയ്ത് ആറുകൊല്ലം കഠിനതടവിനു ശിക്ഷിച്ചു . ജയിൽ ജീവിത കാലത്താണ് എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ എന്ന ആത്മകഥാ അദ്ധേഹം രചിച്ചത്. 1930 ഓഗസ്റ്റ് 6 നായിരുന്നു ചരിത്ര പ്രസിദ്ധമായ ഉപ്പുസത്യാഗ്രഹം

1947 ജൂലൈയിൽ ക്യാബിനറ്റ് മിഷന്റെ ശുപാർശകുളുടെ അടിസ്ഥാനത്തിൽ രാജ്യത്തെ ഇന്ത്യയു പാകിസ്ഥാനുമായി വിഭജിക്കാൻ തീരുമാനമുണ്ടായി . മറ്റു പോംവഴികളില്ലാതെ ഗാന്ധിജിയും കോൺഗ്രസും അതു സ്വീകരിച്ചു.1947 ആഗസ്റ്റ് 15 ന് ചെങ്കോട്ടയിൽ ഇന്ത്യയുടെ പതാക ഉയരുമ്പോൾ ഗാന്ധിജി കൽക്കത്തയിൽ സമുദാ സൗഹാർദം സ്ഥാപിക്കാൻ ശ്രമിക്കുകയൊയിരുന്നു .1948 ൽ ജനുവരി 30 ന് പ്രാർഥനായോഗത്തിനു പോകുമ്പോൾ നാഥുറാം ഗോഡ്സേ എന്ന വർഗീയ വാദി ഗാന്ധിജിയെ വെടിവച്ചു കൊലപെടുത്തി .

**AKHILESH RAJEEVAN 9B**

## കേരളം

*കേരങ്ങൾ തിങ്ങും കേരളമേ*
*കേളി കൊട്ടുയരുന്ന കേരളമേ*
*കോവള നാടെന്ന് കവികൾ പുകഴ്ത്തുന്ന*
*ഭാർഗവ രാവന്റെ കേരളമേ*

*തുള്ളൽ, കഥകളി, കൂടിയാടം, കല*
*നിത്യം വിളിക്കുന്നു നല്ല നാടേ*
*സബത്ത്, സമൃദ്ധിയും സർവ്വാഭി വൃദ്ധിയും*
*നിത്യം വിളിക്കുന്നപുണ്യ നാടേ*

*ശങ്കരാചര്യരും വിദ്യാധിരാജനും*
*ഗുരുദേവനും വാണ കൊച്ചുനാടേ*
*മാത്രകയായി മറ്റു ദേശങ്ങൾകെന്നും*
**മഹിതയായി സ്ഥാനമലങ്കരിക്കൂ......**

**കുഞ്ഞുണ്ണിമാഷ്**

# THE BLACK DOT

The class is about to start,when the professor entered into the class room while all student kept silence. The professor asked the students to get ready fora surprise test. He has give the question paper and asked them to turn the pages.
But student could see only a black dot in the centre of page instead of questions but the professor was observing the expression of every ones face and he asked them to write something about the paper. All of them have wrote about the black dot which was seemed in the centre
of question paper .after collecting black the answer sheet, professor began to read the answers could . No one has came to explanation of professor. Professor replayed
that you all have focussed on the black dot life is the gift of god it's like a white paper on which something black dotes may appear . The dark spots are very small but such dotes are disturbing us but you dont be afraid, be confident , and be brave you must be tried to overcome the difficulties ............... be optimistic and make your
life

ASWIN V A 9B

# ബാല്യകാലം

*മനുഷ്യ ജിവിതത്തിലെ ഏറ്റവു*
*സുന്ദരമായ കാലമാണ് ബാല്യകാലം*
*പ്രഭാതത്തിനുള്ള സൗന്ദര്യം ബാല്യകാലത്തിനും*
*ഉണ്ട പ്രായയമായിക്കഴിയുമ്പോഴാണ് നാം*
*ബാല്യകാലത്തെ ശരിയായി മനസ്സിലാക്കുന്നത്*
*ബാല്യകാലത്തിൽ നമ്മുടെ മനസ്സ് ശുദ്ധമായിരിക്കും*
*ചിത്രശലങ്ങളെ പോലെ പാറിപ്പറന്നു കളിച്ചു*
*നടക്കുന്ന അക്കാലത്ത് അനാവ്ശ്യമായി*
*ചിന്തക്കളൊന്നും മനുഷ്യർക്ക് ഉണ്ടാവുകയില്ല*
*ബാല്യകാലത്തിൻെറ പരുശുദ്ധി എല്ലകാലത്തും*
*സൂക്ഷിക്കാൻ കഴിഞ്ഞാൽ അതാണ്*
*ഏറ്റവും വലിയ ജിവിതവിജയം*

***Bhagyalakshmi p.s.***

# MY DREAMS

*I am ambitious*
*but i am not dreaming*
*to become a doctor and engineer*
*i like to lead simple life*
*with high thoughts.......*
*i could see the smiling*
*face of mother Teresa*
*in my dreams........*
*i need to puriy myself...*
*and i like help the*
*needy people ...*
*pay your eyers for others..*
*care and share... consider*
*the needy once with empathy.*
*Give a hand to help*
*when ever you are*

***(Sara Binu )***

## ഒരു ചോദ്യം , ഒരൊറ്റചോദ്യം

*ഒരിക്കൽ ,അക്ബറിൻെറ സദസ്സിൽ ദൂരദേശത്തു നിന്ന് ഒരു പണ്ഡിതനെത്തി*
*അങ്ങയുടെ സദസ്സിൽ ബീർബൽ എന്നൊരു മഹാപണ്ഡതൻ ഉള്ളതായി കേട്ടിട്ടുണ്ട് !*

*രാജാവ് :ഹാ ഹാ ഹഹ .... കേട്ടിട്ടല്ലേ ഉള്ളൂ ?*
*ഏങ്കിൽ ദാ ,കണ്ടോളൂ*
*പണ്ഡിതൻ :ഓഹോ ,അപ്പോൾ താങ്കളാണ് ബീർബൽ !*
*താങ്കളോട് ചിലചോദ്യങ്ങൾചോദിക്കാനാണ് ഞാൻ വന്നത് .*
*എളുപ്പത്തിൽ ഉത്തരം പറയാവുന്ന നൂറുചോദ്യങ്ങൾവേണോ അതോ വിഷമമുള്ള ചോദ്യം മതിയോ*
*ബീർബൽ : ഒരു ചോദ്യം ഒരൊറ്റചോദ്യം ,ഒറ്റചോദ്യ മാത്രം മാതി അപ്പോൾ സമയം പാഴാവില്ലാ*
*പണ്ഡിതൻ : എങ്കിൽ ചോദിക്കട്ടെ , കോഴിയാണോ അതോ മുട്ടയാണോ ആദ്യമുണ്ടായത് ?*

ബീർബൽ : കോഴി !
പണ്ഡിതൻ : ബിർബൽ ,താങ്കൾക്ക് ,എങ്ങനെ ഇത്ര ഉറപ്പ് പറയാനാവും?
ബിർബൽ : പണ്ഡിറ്റ് ജി , അങ്ക്ഷമിക്കണം .എനിക്കതിന് ഉത്തരംപറയാൻവയ്യ!
പണ്ഡിതൻ : തിരുമാനസ്സേ ,ഇദ്ദേഹമാണോ അങ്ങയുടെ .സദസ്സിലെ മഹാപണ്ഡിതൻ
അക്ബർ ചക്രവർത്തി :ബിർബൽ ,താങ്കളെന്തുകൊണ്ടാണ് ഉത്തരം നൽകാത്തത്
ബീർബൽ :പ്രഭോ , ഉത്തരം .അറിയാർഞ്ഞിട്ടു .കോഴിയാണോ മുട്ടയാണോ ആദ്യം ഉണ്ടായത് എന്ന ചോദ്യത്തിന് ഞാൻ ഉത്തരം പറഞ്ഞില്ലേ പിന്നെയും ചോദ്യങ്ങൾ ചോദിച്ചാൽ ഞാനെന്തു ചെയ്യും

# കുമാരനാശാൻ



ആധുനിക മഹാകവിത്രയത്തിൽ ഒരാൾ തിരുവന്തപുരം ജില്ലയിലെ കായിക്കരയിൽ ജനിച്ചു.പരമ്പരാഗത കവ്യശൈലിയിയൽ നിന്നു വ്യത്യസ്തമായ കവനചാതുരി പ്രദർശിപ്പിച്ചു കൊണ്ട് മലയാള കവിതയിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിച്ച പ്രതിഭ. ശ്രീ നാരായനഗുരുവിൻെറ അരുമശിഷ്യനായ കുമാരനാശാൻഎസ്.എൻ.ഡി.പി യോഗം സെക്രട്ടറി എന്ന നിലയിൽസമൂഹപരിഷ്കരണപ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചു.വിവേകോദയം മാസികയുടെ പത്രാധിപരായിരുന്നു. മലയാളത്തിനു പുറമേസംസ്കൃതം,ബംഗാളി,ഇംഗ്ലിഷ് ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്നു.വെയിൽസ് രാജകുമാരനിൽ നിന്ന് പട്ടും വളയും ലഭിക്കുതയുണ്ടായി.

# R.K.NARAYAN



R.K.Narayan was born on 10th October 1906. He was an Indian writer known for his works set in the fictional South Indian town of Malgudi.He was a leading author of early Indian literature in English.

The fictional town of Malgudi was first introduced in 'Swami and Friends' which is a part of his semi autobiographical tiology. 'The Trio' is the renamed title of the original title 'Rajam and Mani'.

# A PRAYER IN SPRING



Oh,give us pleasure in the flowers to-day;
And give us not to think so far away
As the uncertain harvest;keep us here
All simply in the springing of year.

Oh,give us pleasure in the orchard white,
Like nothing else by day,like ghosts by night;
And make us happy in the happy bees,
The swarm dilating round the perfect trees.

And make us happy in the darting bird
That suddenly above bees is heard,
The meteor that thrusts in the needle bill,
And off a blossom in the mid air stands still.

For this is love and nothing else is love,
The which it is reserved for God above
To sanctify to what far ends He will,
But which we only needs,that we fulfil.

# WILLIAM SHAKESPEARE

*(BIRTH-1564, DEATH-1616)*



*He was born at Stratford-Upon-Avon in England. He was one of the literary giants of world literature. At the age of 18 he acted in dramas conducted at the London theatre. His literary contributions greatly in which English literature. His important plays are Julius Caesar, Macbeth, Romeo and Juliet, Hamlet, Antony and Cleopatra, Othello, As you like it, The merchant of Venice, King liar, etc....*

# RAVINDRANATHA TAGORE

*(BIRTH- 1861,DEATH-1944)*



*He composed poems from a very early age. He studied literature and music in England for one- half years. The British government awarded the title 'sir' to Tagore. But he refused title as a protest against the mass murder at Jalyan Wala bagh. He proved his merit as novelist, poet, philosopher, dramatist and freedom fighter. He composed our National Anthem 'Janaganamana'. He won novel prize for his book Geethanjali in 1913.*

## ക്വിസ്

1)ഫെഡറേഷൻ കപ്പ് ഏതുകളിയുമായി ബന്ധപ്പെട്ടിരിക്കുന്നു?
- ഫുഡ്ബോൾ

2)ആൾജിബ്ര എന്ന പദം ഏതു ഭാഷയിൽനിന്നാണ് ഉണ്ടായത്?
-അറബി

3)ഫിഫയുടെ ആസ്ഥാനം എവിടെ?
-സൂറിച്ച്

4)മലയാളത്തിലെ ആദ്യത്തെ ഓഡിയോ നോവൽ?
-ഇതാണെൻെറ പേര്

5)ആധുനിക മലയാള ഭാഷയുടെ പിതാവ് ആര്?
-എഴുത്തച്ഛൻ

6)മറാത്തിയും കേസരിയും ആരുടെ പത്രങ്ങളായിരുന്നു?
-ബാലഗംഗാദർ തിലക്

# നീ



*മാനന്തവാടിയിലേതോ കരതേടി വന്നുവോ*
*മഞ്ഞിൽ നനഞ്ഞ്,നീവന്നുവോ മഞ്ഞിൽ നനഞ്ഞ്*

*പാടുന്നരാഗത്തിൽ തേടുന്ന സംഗീതം*
*നിന്നോടെന്നിൽ വിരിഞ്ഞു.*
*പുതുമഴയായ് മണ്ണിൽ നനഞ്ഞു.*

*പെരുകുന്ന ചൂടിന് കുളിരുന്ന തെന്നലായ്*
*മാറുന്നതെന്നിൽ നീ.*
*മാനന്തവാടിയിലേതോ കരതേടി വന്നുവോ*
*മഞ്ഞിൽ നനഞ്ഞ് നീവന്നുവോ മഞ്ഞിൽ നനഞ്ഞ്.*

*Kasinadhan N.M*

# The Snow Maiden



*A certain couple had a good life together but had always regretted the fact that they did not have any children.*

*One lovely winter day, the old couple looked up and saw some neighbourhood children playing in the snow and it made them feel sad again at not having any of their own.*

*The old man said,"let's go out and build a snow girl-like daughter we never had."*

*they build their snow girl carefully and lovingly, forming her hand and feel, her cute little nose, a smiling mouth........*

*they completed it and stood back to admire their own work. At once the show girl's lips turned red and her eye began to open! She smiled at the old couple, shook the*

*flakes off her body and moved like a real little girl! The old couple joyfully took her inside their hut and named her the Snow Maiden. She was perfect child-she never complained, always did her chores and was very affectionate. And when she sang, it was as if an angel was singing for them in the house.*

*The Snow Maiden loved being out doors feeling the and playing with the small creatures in the forest.*

*But winter soon passed and spring brought warmer air. The girl seemed quite depressed. Though the old couple kept asked her what the matter was, she assured them that there was nothing wrong.*

*As flower appeared and the larks began to sing, the Snow Maiden became even sadder. She kept away from the sun but she cheered up when there were dark clouds and hailstone, which she enjoyed looking at. Then when the hail melted, she cried.*

*Summer arrived and one day a group of girls called out to her,"Come with us for a walk in the wood !"*

*the Snow Maiden was reluctant to go but her parent persuaded her, saying, "Go with them, dear, and have some fun."So she went with the girls, but she did not join them in collecting flowers, singing song or dancing. When it began to get dark, the girls made a fire from some twigs. They continued to laugh and sing and the Snow Maiden finally joined in. For the first time since winter ended, a smile came to her face as she laughed, sang and danced with them.*

*Then one by one the other girls playfully jumped over the little fire they had build. When it was*

*her turn, the Snow Maiden leapt, but halfway she suddenly melted and turned into a little cloud that rose and disappeared into the sky.*

## മഴ



*നൊമ്പരമെഴുതിയ മഴയേ.......*
*എത്ര നീ വേദന തന്നുവെന്നാലുംപ്രണയിച്ചുവെന്നാലും*
*പോയില്ലേ നിന്നെ*
*ഞാൻ മഴയേ.........*
*പ്രണയിച്ചിടും ഞാൻ*
*ഇനിയുള്ള കാലവും*
*നിൻ മഴത്തുള്ളി കിലുക്കമൊണിപ്പോഴും*
*എൻ ഇടനെഞ്ചിൻ ഹൃദയതാളം.*

## എൻ്റെ അച്ഛൻ

കടലോളം വാത്സല്യം നൽകുമെൻ അച്ഛൻ
പ്രസവിച്ചില്ലന്കിലും അമ്മയ്ക്കുതുല്യമാം അച്ഛൻ
നിലാവായി തഴുകി ഉറക്കുമെൻ അച്ഛൻ
സൂര്യനായി വന്നണർത്തുമെൻ അച്ഛൻ
നിറയാത്ത വയറുമായി കിടന്നുറങ്ങുമ്പോഴും
എൻ വയറുനിറക്കുമെൻ അച്ഛൻ
നേർവഴി കാട്ടിതരുമെൻ അച്ഛൻ
ആദ്യാക്ഷരം കുറിക്കുമ്പോഴും നല്ല
ഗുരുവായി അറിവേകുമെൻ  അച്ഛൻ
രാവും പകലുമില്ലാതെ എനിക്കായി വിയർപ്പൊഴുക്കുന്നു

ഒന്നുമാത്രമാണെൻ പ്രർത്ഥന
ഏകൂ ഈശ്വര ദീർഘായയുസും ആരോഗ്യവും
എന്നച്ഛന്.................

## കൂട്ടുകാരൻ

കൂട്ടുകൂടാനായെൻെറ
കൂടു തേടിയണഞ്ഞൊരു
കുഞ്ഞാറ്റക്കിളി
കാറ്റിനോടു കഥ പറഞ്ഞും
കാടായ കാടെല്ലാം,മേടായ മേടെല്ലാം
കണ്ണാരം പൊത്തിക്കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമി ചിറകുരുമി
കിലുകിലെ കൊഞ്ചിച്ചിരിച്ചും
കിളിക്കൂട്ടിലെന്നെ
കുളിരണിയാതെ
കവിൾ ചേർത്തുറക്കിയ
കനിവിൻെറ കനിവാമെൻെറ
കരളിൻെറ കരളായ
കളിക്കൂട്ടുകാരൻ

## ENVIRONMENT



The environment with its treasures
All so countries to measures
Fish and whales in the deep blue water
Life in the sea,so alive

Grasslands and fruits with terrestrial
Cold, freezing mountain peaks
And hot, tiring deserts
Life among the trees and sands, so alive

Sky so blue with air so clean
only sun, moon and stars to see
Eagles and vultures take their turn
Life in the sky so alive.

## എന്റെ കേരളം




വെള്ളിക്കരെയിട്ട  മരതക  പട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതി മനശ്ശാന്തിതരും
മമ  ജന്മ നാടേ മനോഹരി

കളകളമൊഴുകി സ്നിഗ്ദ
മടിത്തട്ടു കാണുമാറഴകാർന്ന
അരുവികളുമതിരിൽ മേഘ മേലാപ്പു
തൊടുമുത്തുംഗ മേരുക്കളും

പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴ പാലസൗഖ്യം
ശീതളമാമല ഞൊറിയിളകും
കോമളനദികളുമീറൻ തടങ്ങളും

മഞ്ഞു പൊഴയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നലായാഞ്ഞുവീശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ

ഇളംകാറ്റിൽ പാറുമംഗനെതൻ
ചേലപോലലംകൃതം ചേലൊത്ത
നിലവർണ്ണ മനോഹര തിര
ഞൊറിയും സാഗരം നീളെ...

മണ്ണിൽ മാദക ഗന്ധം നുകരും
മകൾക്കാശ്യയമരുളും
മമ നാടെ മനോഹരി..മനയസ്സിൽ
നിൻമുക്തസൗന്ദര്യം.. നുകരുന്നു ഞാൻ....

## Mother Theresa



She believed that service to man is equal to that of service to God. Till her death she worked and lived as the mother of the poor and the destitute. In 1970 she

constituted a society known as the Missionaries of charity and recruited thousands of women for Missionary works. She come to India in 1929 as a Catholic nun to help the poor people in India and settled here. She founded 'Shisu Bhavan' for destitude children and Nirmal Bhavan for the sick, in Calcutta. In 1971 she got John Pope eighth Peace Award and Kennedy Award. In 1975 she got the Albert Shweitzer Prize in 1994, the Congressional Gold Medal, In 1979 she got Nobel Prize for peace. The Bharat Retna, the highest award in India is proof of the honour bestowed on her for her humanitarian work.

## പൂമരം



പെയ്യുന്ന മഴകളിൽ എരിയുന്ന
പൂവനു തുല്യമാം വർണമായ്
എൻ പ്രണയം

ചിത്തത്തിനുള്ളിലെ നിർമല
ചോലയിൽ വന്നുനി മഞ്ഞിൻ
ഇതളുകളായി, കാണുന്നതെന്തുമെ

സത്യമായി കാണാത്തതെന്തുമേ
സത്യത്തിൻ ഇതളുകളായി
പെയ്തൊരാനേരം

എൻ പ്രണയത്തിനുള്ളിൽ
വിരിയുന്നതുനിൻ നൂതനാംശം
പട്ടുപൂഞ്ചോലയിൽ തഴുകുമാ കാറ്റിനും
നിൻ ഗന്ധം തന്നയായ്
എൻ മനസ്സിൻ താളുകളിൽ
നീ അലിയുന്നു
പ്രണയമയമായി
പൂക്കുന്നിതെൻ
പൂമരം...

കാശിനാഥൻ എൻ എം

## മുതിർന്നവരുടെ മാതൃക

---

സ്കൂളിൽ ഇൻസ്പെക്ടർ ഒരു സ്കൂളിൽ പരിശോധനയ്ക്ക് വന്നു. ഒരു ക്ലാസ്സിലെ കുട്ടികൾ വാടി തളർന്ന് ഇരിക്കുന്നതുകണ്ട് ഇൻസ്പെകടർ ഒരു കുട്ടിയോടു ചോദിച്ചു: “രാവിലെ എന്താണ് കഴിച്ചത് ?” “രാവിലെ പഴങ്കഞ്ഞി" കുട്ടി മറുപടി പറഞ്ഞു. മറ്റൊരു വിദ്യാത്ഥിയോട് ഇൻസ്പെക്ടർ ചോദിച്ചു: “ഇദ്ദേഹം രാവിലെ എന്താണ് കഴിച്ചത്?” “വാഴപ്പഴം" അവൻ മറുപടി പറഞ്ഞു. ഇതുകേട്ടു പരിശോധകൻ ക്ലാസ്സ് അദ്ധ്യാപകനെ നോക്കി. മറുപടി പറഞ്ഞ രണ്ടു കുട്ടികളുടെയും പിതാവുകൂടിയായ അദ്ധ്യാപകൻ കുട്ടികളെ ന്യായീകരിച്ചു പറഞ്ഞു: “ഇവിടുത്തെ തഴക്കവും പഴക്കവും ഇങ്ങനെയാണ്.”

മുതിർന്നവരുടെ മാതൃകയാണ് കുട്ടികൾ സ്വീകരിക്കുന്നത്.
അതിനാൽ അവർക്ക് മാതൃകയുള്ളവരായിരിക്കാം.

## GREAT THOUGHTS

**Keep your face to the sunshine and you cannot see the shadow*
**-Helen Keller**

**If you wish to reach the highest, begin at the lowest*
**-Syrus**

**Everything that is done in the world is done by hope....*
**-Martin Luther King**

## OUR ENVIRONMENT

*We can survive sometimes with out food, but we cannot survive even for a few minutes with out air but the development of scientific technology has changed our life style completely.there for it's very difficult to breath fresh and clean air we are breathing polluted air. The substance which contaminate air is called air pollution.*

*Pollution are caused by certain kinds of human activities . Air gets pollute due to the presence of factories, power plants ,automobiles ,burning of firewood,burning of fuels etc.Vehicles produce carbon dioxide ,and smoke which cause many harmful diseases. petroleum refineries produce another poisonous gas namely sulphur dioxide and nitrogen dioxide*
*it can be caused various respiratory problems including permanent lung damage so we should*

*protect our atmosphere from pollutions we need to plant more plant to get fresh clean air we should keep ecological balance of nature.*

## RAINBOW



I am the rainbow
Seven colours rainbow
Colours we are the
Beautiful colours
We are Violet, Indigo,
Blue, Green, Yellow,
Orange, and Red
We make our world
*So wonderful and colourful.*

## കൂട് ഞങ്ങൾക്ക് വീട്

വീട് !മനോഹരമായ വീട്!സുരക്ഷിതമായി ഒതുങ്ങിക്കൂടാനാണ് മനുഷ്യർ വീടുകൾ നിർമിക്കുന്നത്.തല ചായ്ക്കാൻ ഇടം കണ്ടെത്തിയാൽ അവർ ആശ്വാസത്തോടെ നിശ്വസിക്കും.ഒരു കൂടിൽ നിർമിക്കാനെന്തെല്ലാം വേണം.മുള,ചെറിയ കഴകൾ,ഓല ഇതൊക്കെ കൊണ്ട് കുടിൽ കെട്ടാം.ഉറപ്പുള്ള വീട് ഉണ്ടാക്കാൻ ഓട്,കരിങ്കല്ല്, ചുടുക്കട്ടെ, സിമൻറ്, കമ്പി, തടി, തുടങ്ങിയവ തന്നെ വേണം.പലതരം വീടുകളിൽ മനുഷ്യൻ ആവാസം ഉറപ്പിക്കുന്നു.



ഇലകൾ കൊണ്ടുള്ള വീടുകൾ,വെളിച്ചം കടക്കാത്ത കൊട്ടാരങ്ങൾ,നീർകുമിളകളാൽ കൊരുത്ത വീടുകൾ,ജലാശയക്കിടയിലേക്ക് തുറക്കുന്ന വാതിലുള്ള സുരക്ഷിതമായ പാർപ്പിടങ്ങൾ.ഈ തരത്തിലുള്ള പാർപ്പിടങ്ങൾ നിർമ്മിക്കുന്നത് ആരാണെന്ന് നിങ്ങൾക്കറിയാമോ? പക്ഷിമൃഗാദികളുടെ പാർപ്പിടമാണ് ഇവയെല്ലാം. കൂടുകൂട്ടാനും പാടിപ്പാർക്കാനും ആവർക്കു എന്തൊരു തിടുക്കമാണെന്നോ. ഓരോ കോണിലും ജന്തുക്കൾ കൂടുകൾ നിർമ്മിക്കുകയോ കൂട് കണ്ടെത്തുകയോ ചെയ്യും. അതെങ്ങനെ ചെയ്യണമെന്ന് അവരോടും പറഞ്ഞുകൊടുക്കുന്നില്ല. ആരിൽ നിന്നും അവർ ഉപദേശം സ്വീകരിക്കുന്നില്ല. അവർ ജന്മനാ തന്നെ ഗ്രഹ നിർമാണവൈദ്യം സിദ്ധച്ചവരാണ്. ഇത് പോലെ മനോഹരമായ പാർപ്പിടങ്ങൾ ഉണ്ടാക്കി നമ്മെ വിസ്മയിപ്പിക്കും.

## <u>വാഴക്കുല</u>

മലയപ്പുലയാനാ മാടത്തിൻ മുറ്റത്തു
മഴവന്ന നാളൊരു വാഴ നട്ടു.
മനതാകക്കുമ്പു പെടിച്ചു വന്നു
ആരുമക്കിങ്ങളിലൊന്നായതിനേയു
മഴയെല്ലാം പോയപ്പോൾ മാനം തെളിഞ്ഞപ്പോൾ
മലയന്റെ മാടത്തെ പാട്ടുപാടി
മരമെല്ലാം പൂത്തപ്പോൾ
കുളിർ കാറ്റു വന്നപ്പോൾ
മലയന്റെ മാടവും പുക്കൾ ചുട്ടിള
വയലിൻ വിരിപ്പു വിതയ്ക്കേണ്ട കാലമായ്
വളരെപ്പണിപ്പാടു വന്നുകുട്ടി
ഉഴുകുവാൻ രാവിലെ പോകും മലയനു
മഴകിയു ചേരുമ്പോളന്തിയാവും
ചെറുവാഴത്തയ്യിന്നു വെള്ളകമാഴിക്കുവാൻ
മറവിപറ്റാറില്ലവർക്കും ചെറ്റും
അനുദിനമങ്ങനെ ശുശ്രൂഷ ചെയ്കയാ
ലതുവേഗം വേഗം വളർന്നു വാഴക്കുല

ചങ്ങമ്പുഴ

# പുലികളി



ഓണകാലത്ത് അവതരിപ്പിക്കപെടുന്ന പുലികളി അഥവ കടുവകളിക്ക് 200 വർഷത്തെ പഴക്കം കണക്കാക്കുന്നു. ഇതവതരിപ്പിക്കുന്ന കലാകാരൻമാർ കടുവയുടേയോ പുലിയുടേയോ ശരീരത്തുള്ളതുപോലുള്ള വരകൾ ശരീരത്തിൽ വരയ്ക്കുകയും ഈ മൃഗങ്ങളിലേതെങ്കിലുംമൊന്നിൻെറ മുഖം മൂടി ധരിക്കുകയും ചെയ്യുന്നു . വാദ്യമേളങ്ങൾകൊപ്പം നടത്തം ചവിട്ടികൊണ്ടാണ് വരുന്നത് . ഉടുക്കും തകിലുമാണ് വാദ്യങ്ങളായി ഉപയോഗിക്കുന്നത് പുലിയെകൂടാതെ ഒരുവേട്ടക്കാരനും സംഘത്തിലുണ്ടാകും . മഞ്ഞയും കറുപ്പും നിറത്തിലുള്ള ചായങ്ങളാണ് വരക്കാ പയോഗക്കുന്നത്

# പുസ്തകത്താളുകൾ

എത്ര നാളുകൾ കീറി ഞാനാദ്യമായ്
പുസ്തകം കണ്ട നാളിലിന്നോർമ്മയായ്
മൂല്യമൊന്നുമറയാതെ താളത്തിൽ
കോറിയെത്ര വരകളാഹ്ലാദമായ്



മാതൃകാനോക്കി വരയ്ക്കവേ
വേരുകളുള്ള ചിത്രമായക്ഷരം
പുസ്തകങ്ങളിലന്നു ബാല്യത്തിലെൻ
കൊച്ചുമയിൽപ്പീലിയൊളിച്ചതും

മാനമൊട്ടുമേ കാണാതിരിക്കുകിൽ
കൂടെയാണെങ്കിൽ കുഞ്ഞായി വന്നിടും
വർഷമെത്രയോ കാത്തിരുന്നെങ്കിലും
പെറ്റതില്ലതിലൊറ്റ മയിൽപ്പീലിയും

പത്തിലെ ജയം പിന്നിട്ട കാലത്തും
ബസ്സുകാശുമത്താളത്തിൽ ഞാൻ വച്ചതും
പാഠമോരോന്നു ചൊല്ലിപ്പഠിക്കവേ
കൊച്ചുനേർവര ചേർപ്പതുമോർത്തുഞാൻ

# ഉള്ളതു കളഞ്ഞാൽ




ഒരിടത്തൊരിടത്ത് ഒരു സിംഹം ഉണ്ടായിരുന്നു.സിംഹം വിശന്ന് വലഞ്ഞ് ഇരതേടി നടന്നു.മടുത്തു.അരുവിയിലിറങ്ങി വെള്ളം കുടിച്ചു.ദാഹം മാറി. പക്ഷേ , വിശപ്പ് മാറിയില്ല.അവൻ ചുറ്റും നോക്കി .ഒന്നിനെപ്പോലും കാണുന്നില്ല.എങ്ങനെ വിശപ്പകറ്റും.അവൻ നിരാശയോടെ ഉച്ചത്തിൽഅലറി.അതുകേട്ടു പേടിച്ചിട്ടെന്നപോലെമാളത്തിൽ നിന്നും ഒരു ചെറിയ എലി ഇറങ്ങി ഓടി.സിംഹം അവനെ ഓടിച്ചിട്ട് പിടിച്ചു. കുഞ്ഞനെലി പേടിച്ചു വിറച്ചു.അപ്പോഴാണ് സിംഹം മറ്റൊരു കാഴ്ചച്ച കണ്ടത്.കുറച്ചകലേ ഒരു പേടമാൻ നിന്നു മേയുന്നു.ഈ എലിയേക്കാൾ നല്ലത് ആ മാൻ തന്നെ.അവൻ എലിയെ എറിഞ്ഞുകളഞ്ഞിട്ടി മാന്നേ ലക്ഷ്യമാക്കി ഓടി.പക്ഷേ സിംഹത്തേ നേരത്തേ കണ്ട മാൻ കുന്നിൻ ചെരുവിലേക്ക് കുതിച്ചു പാഞ്ഞു. സിംഹം ഓടിയലഞ്ഞത് മിച്ചം.എലിയെ കളയുകയും ചെയ്തു.മാനിനെ കിട്ടിയതുമില്ല.അവസാനം സിംഹത്തിന് അന്ന് പട്ടിണി കിടക്കേണ്ടി വന്നു.നമ്മളും മിക്ക സമയത്ത് ഈ സിംഹത്തെപ്പോലെതന്നെയാണ്. ഒരേ സമയത്ത് കൂടുതൽ ആകർഷകമായ പല കാര്യങ്ങളിൽ വ്യാപ്തരാവുകയാണ്.അവസാനം ഒന്നും നേടാതെ നിരാശരാവുകയും ചെയ്യും.അതുവേണോഅതോ ഇതാണോ വേണ്ടത് എന്ന വെടിഞ്ഞ് ഒരു സമയം ഒരേ ഒരു ലക്ഷ്യത്തെ മാത്രം മുന്നിൽ കണ്ട് വിജയത്തിലേക്ക് മുന്നേറാം.

# ശിശുദിനം




ആഹാ ശിശുദിനമെത്തുന്നു
ആഹ്ലാദപ്പൂരത്തിരികളുമായി
ആഹാ,വർവായി നെഹറുജിത-
ന്നമൃതം പകരും ജന്മജിനം

നെഞ്ചിൽ ചെമ്പനീർ മലരോടെ
ചുണ്ടിൽ പാൽപുഞ്ചിരിയോടെ
ലോകസമാധാന പ്രാവായ്
ഓർമ്മയിലുണ്ടേ ചാച്ചാജി


കുട്ടികളൊത്ത് കളിക്കുന്നോൻ
കുട്ടികളൊത്ത് ചിരിക്കുന്നോൻ
നമ്മുടെയോർമയിലാഹ്ലാദ-
ച്ചെമ്മുന്തിരിയാകും ചാച്ചാജി....!

## ആരെൻ പുത്രിക്ക് തുണയായി

*മരണമെൻ പടിവാതിലിൽ മുട്ടി വിളിച്ചപ്പോൾ*
*ആരെന്നറിയാതെ ഞാനുറ്റു നോക്കിയാഗതനെ*
*പോരു നീയെൻകൂടെ എന്നാജ്ഞാപിച്ചെൻ*
*കയ്യിൽ പിടിച്ചുവലിച്ചു.*
*അലമുറയിട്ടു ഞാൻ കരഞ്ഞു............*
*എൻപുത്രിയെ ഓർത്തെൻ ജീവൻ പതറി.....*
*നിദ്രയിൽ തീർന്നുപോയി എൻെറ ജന്മം..........*

ഇനിയാരെൻ പുത്രിയ്ക്ക തുണയായി.......
ഭൂമിയിൽ ?
രാവിൻെറ മറപറ്റി ഞാനും മരണവും
അന്ധ കാരത്തിൽ ആഴും സമയം..........
തണുത്തുറഞ്ഞൻ ശരിരത്തോടോട്ടി
കിടക്കമെന്നോമന പുത്ര.....
ഇനശ്വരൻ നൽകിയ ആയുസ്സു തീർന്നു
ഞാനി ലോകവാസം വെടിയുന്ന
ശപ്ത നിമിഷങ്ങൾ......
ഒന്നുമറിയാതെ പാവമെൻ പൈതലാൾ
നിദ്രയിലാണ്ടു കിടക്കുന്നു.......
ആത്മാവ് വേർപ്പെട്ടു തണുത്തുറഞ്ഞു.
സിരാ രക്തചംക്രമണംശ സ്തംഭിച്ച
മരവിച്ച നിലിമയാർന്നെൻ

## ചങ്ങമ്പുഴ കൃഷ്ണപിള്ള
## (1911-1948)



എറണാകുളത്തെ ഇടപ്പള്ളിയിൽ ജനനം. കാൽ-പ്പനിക പ്രസ്ഥാനത്തിൽ ശ്രദ്ധേയൻ.രമണൻ, ബാഷ്പാഞ്ജലി,സങ്കൽപകാന്ത,സ്പന്ദിക്കുന്ന അസ്ഥിമാടം പാടുന്ന പിശാച് സ്വരരാസുധ,യവനിക കളിത്തോഴി, അമൃതവീചി,രക്തപുഷ്പങ്ങൾ തുടങ്ങിയവ പ്രധാന കൃതികൾ

*നിരവധി വിവർത്തനകൃതികളും ചങ്ങമ്പുഴ രചിച്ചിട്ടുണ്ട്.*

## ഒരു ഗണിതക്കഥ




ഗൗസ് എന്ന ഗണിത ശാസ്ത്രജ്ഞനെക്കുറിച്ച് കേട്ടിട്ടില്ലേ ? നന്നേ ചെറുപ്പത്തിൽ തന്നേ ഗണിതത്തിൽ ഇദ്ദേഹം അസാധാരണമായ കഴിവ് പ്രകടിപ്പിച്ചിരുന്നുവത്രേ.അതിനേക്കുറിച്ച് ഒരു കഥയുണ്ട്. ഗൗസിന് പത്ത് വയസ്സ്. ക്ലാസ്സിലെ അധ്യാപകൻ അടക്കിയിരുത്താനായി 3 ന്നു മുതൽ നൂറു വരെയുള്ള സംഖ്യകളെല്ലാം കൂട്ടി തുക കാണാൻ പറഞ്ഞു.വളരെപെട്ടന്നു തന്നെ കൊച്ചു ഗൗസ് ഉത്തരം പറഞ്ഞു:5050.ഇങ്ങനെ വിശദീകരിക്കുകയും ചെയ്തു:1 ഉം 100 ഉം 101;അതുപോലെ 2 ഉം 99 ഉം101;ഇങ്ങനെ 50 ജോടികൾ.ആകെ തുക 50*101=5050.

# എഴുത്തച്ഛൻ



ആധുനിക മലയാളഭാഷയുടെ പിതാവ് എന്ന് വിശേഷിക്കപ്പെടുന്ന കവി. മലപ്പുറം ജില്ലയിലെ തിരൂരിലെ തൃക്കണ്ടിയൂരാണ് ജന്മസ്ഥലം ഇപ്പോൾ അറിയപ്പെടുന്നത്.കിളിപ്പാട്ട്പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവായും എഴുത്തച്ഛൻ അറിയപ്പെടുന്നു. കിളിപ്പാട്ട് എന്ന കാവ്യപ്യസ്ഥാനം മലയാളാത്തിലാദ്യമായി അവതരിപ്പിച്ചത് എഴുത്തച്ഛനായുരുന്നു. തമിഴ് പാര്യമ്പ്യത്തിൽ നിന്ന് നിലനിർത്താവുന്നവയെ നിലനിർത്തിയും സംസ്കൃതത്തിൽ നിന്ന് സ്വീകരിക്കാവുന്നവയെ സ്വീകരിച്ചും മലയാളത്തിൻേറതായി പുതിയൊരു സാഹിത്യഭാഷയ്ക്ക് എഴിത്തച്ഛൻ രൂപം നൽകി. അധ്യാത്മരാമായണം കിളിപ്പാട്ടും ശ്യീമഹാഭാരതവുമാണ് എഴുത്തച്ഛൻെറ പ്യധാനക്യതികൾ.

# എന്നെ സ്വാധീനിച്ച വ്യക്തി



*എൻെറ ജീവിതത്തിൽ എന്നെ സ്വാധീനിച്ച വ്യക്തികളിൽ ഒന്നാണ് ഡോ.എ.പി.ജെ.അബ്ദു-ൾ കലാം. അദ്ദേഹം ഇന്ത്യയുടെ പതിനൊന്നാം പ്രസിഡൻറായിരുന്നു.കൂടാതെ അദ്ദേഹം ISRO സയൻറിസ്റ്റ് ആയിരുന്നു.അദ്ദേഹം അറിയപ്പെട്ടിരുന്നത് മിസൈൽ മാൻ ഓഫ് ഇന്ത്യ എന്നാണ് .ഇന്ത്യയെ ശാസ്ത്രത്തിലേക്ക് എത്തിക്കാൻ അദ്ദേഹത്തിൻെറ കഠിനാധ്വാനത്തിന് വലിയൊരു പങ്കുണ്ട്.ഇവയൊന്നുമല്ല എൻെറ ജീവിതത്തിൽ സ്വാധീനിച്ചത്.അദ്ദേഹത്തിൻെറ വിദ്യാലയ ജീവിതമാണ്.ജാതിമതവ്യത്യാസങ്ങൾ കാരണം വിദ്യാലയത്തിൽ അദ്ദേഹത്തിന് വിഭജനം നേരിടേണ്ടി വന്നു.പക്ഷേ അദ്ദേഹം അതിനെയെല്ലാം തരണം ചെയ്തു.തൻെറ പണച്ചെലവ് വീട്ടുകാർക്ക് താങ്ങാൻ കഴിയില്ല എന്ന് മനസ്സിലാക്കിയ കലാം പത്ര വിതരണത്തിനായ് പോയിട്ടുണ്ട്.പല ജോലികളും ചെയ്ത് വളരെ കഷ്ടപ്പെട്ടാണ് അദ്ദേഹം തൻെറ വിദ്യാഭാസം പൂർത്തിയാക്കിയത്.ഈ കാരണങ്ങളാലാണ് അദ്ദേഹം എൻെറ മനസ്സിൽ ഇടം നേടിയത്.*

## മഹത് വചനങ്ങൾ

**1.** സൗഹൃദം സ്ഥാപിക്കുന്നത് സാവകാശം മതി എന്നാൽ സ്ഥാപിച്ച സൗഹൃദം ഉറച്ചതാവണം, നീണ്ടു നിൽക്കുന്നതും.

- സോക്രട്ടീസ് -

2. മറ്റുള്ളവരിൽ കുറ്റം കണ്ടെത്തുക നിഷ്പ്രയാസമാണ്

സ്വന്തം തെറ്റ് കാണുക വിഷമവും
- ശ്രീ ബുദ്ധൻ

3. മറ്റുള്ളവർ നമ്മെ മനസിലാക്കണം എന്ന് നാം പ്രതീക്ഷുക്കുന്നതുപോലെ തന്നെ മറ്റുള്ളവരെ മനസിലാക്കാൻ നാമും ശ്രമിക്കണം

- നെഹ്റു -

4. അവനവനാത്മ സുഖത്തിനാചരിക്കുന്നവയപരന്നു സുഖത്തിനായ് വരേണം

- ശ്രീ നാരായണഗുരു -

5. എല്ലാവരെയും പ്രീതിപ്പെടുത്താൻ ശ്രമിച്ചാൽ

എല്ലാവരേയും  പ്രീതിപ്പെടുത്താൻ സാദ്ധ്യമല്ല

*- ഈ സോപ്പ്*

## <u>പഴഞ്ചൊല്ലുകൾ</u>

*1).അഞ്ങാടിയിൽ തോറ്റതിനമ്മയോട്.*
*2).അടയ്ക്ക മടിയിൽ വെയ്ക്കാം അടയ്ക്കാമരമായാലോ.*
*3).അടിതെറ്റിയാൽ ആനയും വീഴും.*
*4).അരിയെറിഞ്ഞാൽ ആയിരം കാക്ക.*
*5).അറിയാത്തവന് തല്ല്.*
*6).ആന കൊടുത്താലും ആശ കൊടുക്കരുത്.*
*7).ഇലെത്തില്ലെങ്കിൽ കോലത്തുമില്ല.*
*8).വടി കൊടുത്ത് അടി വാങ്ങുന്ന വിദ്യ.*
*9).വെളുക്കാൻ തേച്ചത് പാണ്ടായി.*
*10).വീട് മറന്നാലും മൂട് മറക്കരുത്.*

## ഇടി കാണാം നക്ഷത്രങ്ങളുടെ



നഗ്നനേത്രങ്ങൾ കൊണ്ട് മനുഷ്യൻ ആദ്യമായി നക്ഷത്രങ്ങളുടെ കാണാനുള്ള അരങ്ങൊരുക്കുകയാണ്.ഗാലക്സിയിൽ പതിനായിരം വർഷത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന ഈ പ്രതിഭാസം കാണാൻ നമുക്ക് കാത്തിരിക്കാം.2022ൽ സംഭവിക്കുന്ന റെഡ്നോവ അതുകൊണ്ടുതന്നെ അത്യപൂർവമായ ഒരു ദൃശ്യനുഭവമായിരിക്കും.സിഗ്നസ് താഗണത്തിലുള്ള KIC 983227 എന്ന് പേരിട്ടിട്ടുള്ള ഇരട്ട നക്ഷത്രങ്ങളാണ് കൂട്ടിമുട്ടുന്നത്.ഭൂമിയിൽ നിന്ന് 1800 പ്രകാശവർഷം അകലെയുള്ള ഈ ഇരട്ടനക്ഷത്രങ്ങൾ കൂട്ടിയിടിച്ച് തകരുകയും അവിടെ ഒരു തമോഗർത്തം രൂപപ്പെടുകയും
*ചെയ്തിട്ട് 1800 വർഷങ്ങളായി.ഈ സംഭവമാണ് 2022ൽ സംഭവിക്കുന്നത്.*

## പൂവിൻെറ കല്യാണം

*കാടറിയാതെ മേടറിയാതെ*
*കന്നിപ്പൂവിനും കല്യാണം*
*കൊട്ടില്ലാതെ കുഴലില്ലാതെ*
*കാവിനകത്തൊരു കല്യാണം.*

*കറുത്ത കോട്ടും സൂട്ടുമണി ഞ്ഞൊരു*
*കരിവണ്ടാണേ മണവാളൻ*
*ചുവന്ന പട്ടും പൊമണിഞ്ഞൊരു*
*ചെമ്പനിനീർപ്പൂ മണവാട്ടി.*

*നാണത്താലേ തുടുത്തുനിൽക്കും*
*പനിനീപൂവിനും ചാഞ്ചാട്ടം*
*കള്ളൻ വണ്ടിൻ മൂളല് കേൾക്കേ*
*കരളിനകത്തൊരു മയിലാട്ടം.*



അഖിലേഷ് രാജീവ്

# ഓണാഘോഷം



# ക്രിസ്തുമസ് ആഘോഷം



# ANNUAL DAY




മാർ സ്റ്റീഫൻ വൊക്കേഷണൽ & ഹയർസെക്കന്ററി സ്കൂൾ
വാളകം
82-ാമത് സ്കൂൾ വാർഷികവും
യാത്രയയപ്പ് സമ്മേളനവും
തിങ്കൾ രാവിലെ 9.30 മുതൽ

# സ്പോർട്സ്








അഖിലേഷ് രാജീവൻ

# SAVE JUNGLE
# SAVE ANIMALS






ഹരിശങ്കർ.കെ.ജെ



എൽദോ ജിജി

# ജിയോ ജിബ്ര





# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# നന്ദി

പഠനത്തിൽ മാത്രം ഒതുങ്ങികൂടാതെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ ഭാഷാ അഭിരുചിയെ വളർത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചേർന്ന് നിർമ്മിച്ച ഒരു ചെറിയ ഉപഹാരമാണ് ഈ ഡിജിറ്റൽ മാഗസിൻ. ഇതിൽ തെറ്റുകളും കുറ്റങ്ങളും കണ്ടേക്കാം എങ്കിലും ഉൽസാഹത്തോടെ ഈ പ്രവർത്തനങ്ങളിൽ ആദ്യാന്തം പരിശ്രമിച്ച എല്ലാ കുട്ടിപ്പട്ടങ്ങളെയും അഭിനന്ദിക്കുന്നു. കൂടാതെ ടെക്നോളജിയുടെ കാലഘട്ടത്തിൽ നമ്മളും ഒട്ടും പിറകിലല്ല എന്ന് തെളിയിക്കാൻ ഈ പ്രവർത്തനത്തിലൂടെ കഴിഞ്ഞു. ഈ പ്രവർത്തനത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ

# SSLC FULL A+ WINNERS 2018-19




MAR STEPHEN HIGHER SECONDARY SCHOOL
VALAKOM . 682316